പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1105 | 10.08.2017 ൽ മറുപടിക്ക്

## തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>,, വി.പി.സജീന്ദ്രൻ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജിക്കുന്നതിന് നടക്കുന്ന നീക്കം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) നേമം-തിരുനൽവേലി പാത മധുര ഡിവിഷന് കൈമാറാനുള്ള തീരുമാനം സംസ്ഥാനത്തിന്റെ റെയിൽവെ വികസനത്തെ ബാധിക്കുമെന്നതിനാൽ ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുമോ? | (എ) യും (ബി) യും | തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ - കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിക്കും കത്തുകൾ അയച്ചിട്ടുണ്ട്. കേരളത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്കും ഇതു സംബന്ധിച്ച് കത്ത് അയച്ചിട്ടുണ്ട്. കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും റെയിൽവേയിൽ നിന്നും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതു മൂലവും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് 51:49 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ചിരുന്നു. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്), തലശ്ശേരി - മൈസൂർ പാത, അങ്കമാലി - ശബരി പാത, ഗുരുവായൂർ - തിരുനാവായ പാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി എന്നീ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യമാണ് ഉള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ |

ഉൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചു വരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ശ്രമങ്ങളും കൂടാതെ തിരുവനന്തപുരം - തിരുനെൽവേലി പാതയും, നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്ന് വേർപ്പെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും ഉപേക്ഷിക്കണമെന്നും പ്രധാന മന്ത്രിക്കും റെയിൽവേ മന്ത്രിക്കും അയച്ച കത്തുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(signature)
അണ്ടർ സെക്രട്ടറി